കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് -2010 ൽ നടന്ന സെൻസസുമായി ബന്ധപ്പെട്ട ജോലികൾക്ക് നിയോഗിക്കപ്പെട്ട അദ്ധ്യാപകർക്ക് ആർജ്ജിതാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്

സ.ഉ. (കൈ) നം. 142/2013/പൊ.വി.വ. തീയതി, തിരുവനന്തപുരം, 20/4/2013

---

പരാമർശം:1) 30/04/2010-ലെ സ.ഉ. (എം.എസ്) നം. 171/10/ജി.എ.ഡി.

2) സ.ഉ. (ആർ.റ്റി) നം. 2851/2010/പൊ.വി.വ. തീയതി 30/06/2010.

3) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 14.12.2010-ലെ എച്ച്2/51728/10/ഡി.പി.ഐ നമ്പർ കത്ത്.

4) 19/02/2013-ലെ 42076/ജി3/10/പൊ.വി.വ. നമ്പർ കത്ത്.

## ഉത്തരവ്

അദ്ധ്യാപകർ ഉൾപ്പെടെയുള്ള സർക്കാർ ജീവനക്കാർ 12/04/2010 നും 27/05/2010 നും ഇടയിലുള്ള 32 പ്രവൃത്തി ദിനങ്ങളിൽ രാവിലെയോ ഉച്ചക്ക് ശേഷമോ (അതായത് പകുതി ദിവസം) അല്ലെങ്കിൽ 16 മുഴുവൻ ദിവസങ്ങളിലോ ഹൗസ് ലിസ്റ്റിംഗ് (വീടിന്റെ കണക്കെടുപ്പ്) എന്ന സെൻസസ് ഡ്യൂട്ടിയിൽ ഏർപ്പെടണമെന്ന് നിജപ്പെടുത്തി പരാമർശം ഒന്ന് പ്രകാരം പൊതുഭരണവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) 2010-ലെ സെൻസസ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ട അദ്ധ്യാപകർക്ക് അവർക്ക് അനുവദനീയമായ വെക്കേഷൻ കാലഘട്ടത്തിൽ എത്ര ദിവസം സെൻസസ് ഡ്യൂട്ടി നിർവ്വഹിച്ചിട്ടുണ്ടോ അത്രയും ദിവസങ്ങളുടെ നിരക്കിൽ കേരള സർവ്വീസ് ചട്ടം റൂൾ 81 (പാർട്ട് -1), റൂൾ 12(7) പാർട്ട് (1) എന്നിവ അനുസരിച്ചുള്ള ആർജ്ജിതാവധിക്ക് അർഹത ഉണ്ടായിരിക്കുമെന്ന് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

3) പല അദ്ധ്യാപകരും പരാമർശം (1) ലെ ഉത്തരവിന് വിരുദ്ധമായി 48 ദിവസം സെൻസസ് ജോലി ചെയ്തു എന്ന് ഡ്യൂട്ടി സർട്ടിഫിക്കറ്റ് സമ്പാദിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 24 ദിവസത്തെ സറണ്ടർ ആനുകൂല്യം കൈപ്പറ്റുകയും ചെയ്തു.

4) പരാമർശം മൂന്നിലെ കത്തുപ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സെൻസസ് ഡ്യൂട്ടി ചെയ്ത അദ്ധ്യാപകർ 24 ദിവസത്തെ സറണ്ടർ ആനുകൂല്യം കൈപ്പറ്റിയതു സംബന്ധിച്ച് സ്പഷ്ടീകരണം ആവശ്യപ്പെട്ടിരുന്നു.

5) സർക്കാർ ഇക്കാര്യം പരിശോധിച്ച് പരാമർശം നാല് പ്രകാരം, പരാമർശം 1-ലെ സർക്കാർ ഉത്തരവ് പ്രകാരം സെൻസസ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ട അദ്ധ്യാപകർക്ക് 12/4/2010-നും 27/5/2010-നും ഇടയിലുള്ള 16 പ്രവൃത്തിദിനങ്ങളുടെ ആനുപാതികമായി കെ.എസ്.ആർ വാല്യം 1 റൂൾ 81 അനുസരിച്ചുള്ള 8 ദിവസത്തെ ആർജ്ജിതാവധി മാത്രമേ സറണ്ടർ ചെയ്യാൻ അർഹതയുള്ളുയെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കണ്ടറി ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടർ എന്നിവരെ അറിയിച്ചു.

GHS MUTTOM BLOG

6) എന്നാൽ വിവിധ അദ്ധ്യാപക സംഘടനകൾ ഇതിനെതിരെ പരാതികൾ സമർപ്പിക്കുകയും സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ചെയ്തു. മറ്റു സർക്കാർ ജീവനക്കാർ ജോലി ചെയ്യുന്നതുപോലെ തന്നെ അദ്ധ്യാപകരും ജോലി ചെയ്യു എന്നതിനാലും ഹൗസ് ലിസ്റ്റിംഗ് മുതലായ ജോലികൾ 16 മുഴുവൻ ദിവസങ്ങൾകൊണ്ട് ചെയ്തുതീർക്കാം എന്നതു കണക്കിലെടുത്തും അദ്ധ്യാപകർ വെക്കേഷൻ കാലയളവിൽ ഈ ജോലി ചെയ്ത 16 ദിവസത്തെ പകുതി 8 ദിവസം ആർജ്ജിതാവധി അനുവദിച്ചും ഇതുമാത്രമേ സറണ്ടർ ചെയ്യുവാൻ പാടുള്ളൂ എന്നും ഉത്തരവ് പുറപ്പെടുവിക്കുന്നു.

7) മേൽ ഉത്തരവ് ഹയർ സെക്കന്ററി വിഭാഗത്തിലെയും വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിലെയും അദ്ധ്യാപകർക്കും ബാധകമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. കെ. ഇളങ്കോവൻ,
സെക്രട്ടറി

✓പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഹയർസെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ്.
ധനകാര്യ വകുപ്പ്.
പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ്.
ഡയറക്ടർ, പൊതുജന സമ്പർക്ക വകുപ്പ് (വ്യാപക പരസ്യത്തിന്).
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

GHS MUTTOM BLOG

ഉത്തരവിൻ പ്രകാരം

Sreedevi
സെക്ഷൻ ഓഫീസർ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
<u>നം: പുറത്തെഴുത്ത് നം: എച്ച്2/51728/10/ഡി.പി.ഐ.</u> തിരുവനന്തപുരം, തീയതി: 23.4.2013.

സർക്കാർ ഉത്തരവ് (കൈ)നം: 142/2013/പൊ:വി: തീയതി 20.4.2013-ന്റെയും പുറത്തെഴുത്ത് നം: എച്ച്2/51728/10 തീയതി 4.3.2013-ന്റെ അടിസ്ഥാനത്തിൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതും അധിക ആർജിതാവധി തിരിച്ച് പിടിച്ചതിന്റെ വിശദാംശങ്ങൾ സമർപ്പിക്കേണ്ടതുമാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും.
എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.
എല്ലാ ഉപ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.